# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 ജൂൺ 11 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

## പാർട്ട് - 1

## കോവിഡ് പ്രതിരോധത്തിന് ആയുർവേദത്തിന്റെ കൈത്താങ്ങ് : അമൃതം പദ്ധതി ശ്രദ്ധേയമാകുന്നു

കോവിഡ് പ്രതിരോധത്തിന് ആയുർവേദത്തിന്റെ ഉറപ്പുമായി അമൃതം പദ്ധതി ജില്ലയിൽ ശ്രദ്ധേയമാകുന്നു .സംസ്ഥാന കോവിഡ് റെസ്പോൺസ് സെൽ കോവിഡ് പ്രതിരോധത്തിന്റെ ഭാഗമായി ഭാരതീയ ചികിത്സാ വകുപ്പും നാഷണൽ ആയുഷ് മിഷനുമായി സഹകരിച്ചു നടപ്പാക്കിയതാണ് അമൃതം പദ്ധതി .

കോവിഡ് റെസ്പോൺസ് സെല്ലിൻറെ കീഴിൽ വരുന്ന ആയുർ രക്ഷാ ക്ലിനിക്കുകൾ വഴിജില്ലയിൽ 922 പേർക്ക് പ്രതിരോധ മരുന്ന് നൽകി. ജില്ലാ ആയുർവേദ ആശുപത്രിയടക്കം 117 ഡിസ് പെൻസറികളിലൂടെയാണ് പ്രതിരോധ മരുന്നിന്റെ വിതരണം. ഒല്ലൂർവൈദ്യരത്നം ആയുർവേദ കോളേജ് ഹോസ്പിറ്റലും പദ്ധതിയുടെ ഭാഗമാണ് . വിദേശത്തു നിന്നോ അന്യ സംസ്ഥാനങ്ങളിൽ നിന്നോ തിരികെ എത്തി ക്വാറന്റെനിൽ ഉള്ളവർക്ക് ആയുർവേദ പ്രതിരോധ മരുന്നുകൾ അമൃതം പദ്ധതിയിലൂടെ നൽകുന്നു. പ്രതിരോധ ശേഷി വർധിപ്പിക്കുന്നതിനായി മൂന്ന് കൂട്ടം മരുന്നുകളും അണുനശീകരണത്തിന് പുകയ്ക്കുവാനുള്ള അപരാജിത ധൂമ ചൂർണവുമാണ് 14 ദിവസത്തേക്ക് നൽകുന്നത്. ഇതോടൊപ്പം ജീവിതശൈലീ ക്രമീകരണത്തിനുള്ള നിർദേശങ്ങൾ കൂടി നൽകും. മരുന്ന് കഴിക്കുന്നവരുടെ പ്രതിരോധ ശേഷിയും, ആരോഗ്യസ്ഥിതിയും ഭാരതീയ ചികിത്സാ വകുപ്പ് പഠന വിധേയമാക്കും.

പ്രതിരോധ മരുന്ന് കഴിക്കാൻ സന്നദ്ധതയുള്ളവർക്ക് മാത്രമാണ് ചികിത്സ നൽകുന്നത്. 14 ദിവസത്തെ മരുന്നിനു ശേഷം തുടർന്നുള്ള ശരീര സംബന്ധമായ മാറ്റങ്ങൾ മനസിലാക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾക്കുമായി ടെലി കൗൺസിലിംഗും നൽകി വരുന്നു. നിരീക്ഷണത്തിലുള്ള മരുന്ന് ഉപയോഗിച്ച വ്യക്തി കോവിഡ് 19 പോസിറ്റീവ് ആവുകയാണെങ്കിൽ അതിന് എടുക്കുന്ന സമയവും അതിലെ തീവ്രത എത്രത്തോളമുണ്ട് എന്നതും പഠന വിധേയമാക്കും. കോവിഡ് 19 സ്ഥിരീകരിച്ചവർക്ക് നിലവിൽ മരുന്ന് നൽകുന്നില്ല. കോവിഡ് കെയർ സെന്ററുകളിൽ പ്രതിരോധത്തിന്റെ ആശ്വാസവാക്കായി മാറുകയാണ് അമൃതം പദ്ധതി.

## സുഭിക്ഷ കേരളം: 25 കോടിയുടെ പദ്ധതികളുമായി പഴയന്നൂർ ബ്ലോക്ക്

കോവിഡ് 19 വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ ഭക്ഷ്യ സുരക്ഷ ഉറപ്പുവരുത്താൻ സംസ്ഥാന സർക്കാർ ആസൂത്രണം ചെയ്ത സുഭിക്ഷ കേരളം പദ്ധതിയ്ക്കായി ഒരുങ്ങി പഴയന്നൂർ ബ്ലോക്ക് പഞ്ചായത്ത്. കാർഷിക, മത്സ്യ, ക്ഷീര, മുട്ട, മാംസം ഉത്പാദനം പരിപോഷിപ്പിക്കുന്നതിനാണ്

പദ്ധതി ലക്ഷ്യമിടുന്നത്. തരിശ് ഭൂമി കൃഷിയോഗ്യമാക്കാൻ 2 കോടി 50 ലക്ഷം, ക്ഷീര വികസനത്തിന് 2 കോടി 75 ലക്ഷം, മത്സ്യ കൃഷിക്ക് കുളങ്ങൾ നിർമ്മിക്കാൻ 8 കോടി 75 ലക്ഷം രൂപയും അടക്കം 25 കോടിയുടെ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നതെന്ന് പഞ്ചായത്ത് പ്രസിഡന്റ് തങ്കമ്മ, വൈസ് പ്രസിഡന്റ് എം പദ്മകുമാർ എന്നിവർ അറിയിച്ചു.

# 24 മണിക്കൂറിനകം റേഷൻ കാർഡ് : ജില്ലയിൽ വിതരണം ചെയ്തത് 3818 കാർഡുകൾ

24 മണിക്കൂറിനകം റേഷൻ കാർഡ് വിതരണം ചെയ്യുന്ന പദ്ധതിയിൽ ജില്ലയിൽ ഇതുവരെ വിതരണം ചെയ്തത് 3818 കാർഡുകൾ. താലൂക്കടിസ്ഥാനത്തിലാണ് അർഹരായ കുടുംബങ്ങൾക്ക് റേഷൻ കാർഡ് വിതരണം ചെയ്തത്. കൊടുങ്ങല്ലൂർ-105, മുകുന്ദപുരം-464, ചാവക്കാട്-332, തൃശൂർ-900, ചാലക്കുടി-600, തലപ്പിള്ളി-1414 എന്നിങ്ങനെയായിരുന്നു കാർഡ് വിതരണം. ലോക്ഡൗണിന്റെ ഭാഗമായി സംസ്ഥാന സർക്കാർ വിതരണം ചെയ്ത ഭക്ഷ്യധാന്യങ്ങൾ അർഹരായ പല കുടുംബങ്ങൾക്കും റേഷൻ കാർഡില്ലാത്തതിനാൽ ആദ്യഘട്ടത്തിൽ ലഭ്യമാകാൻ ബുദ്ധിമുട്ട് അനുഭവപ്പെട്ടിരുന്നു. ഈ സാഹചര്യത്തിൽ കാർഡ് ഇല്ലാത്തതുമൂലം റേഷൻ വാങ്ങാൻ സാധിക്കാത്തവർക്ക് സത്യവാങ്മൂലവും ആധാർ കാർഡും അടിസ്ഥാനമാക്കി സൗജന്യ റേഷൻ നൽകിയിരുന്നു. പിന്നീട് സംസ്ഥാന സർക്കാർ 24 മണിക്കൂറിനുള്ളിൽ റേഷൻ കാർഡ് നൽകാനുള്ള പദ്ധതി ആരംഭിച്ചു. ഓൺലൈനായി അക്ഷയ കേന്ദ്രങ്ങൾ, സിറ്റിസൺ ലോഗിൻ, സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ് എന്നിവ വഴിയാണ് അപേക്ഷ സ്വീകരിച്ചത്. ആധാറിന്റെ കോപ്പി, പാസ്പോർട്ട് സൈസ് ഫോട്ടോ, പ്രദേശവാസിയാണെന്ന് തെളിയിക്കുന്ന സ്ഥലം കൗൺസിലറുടേയോ പഞ്ചായത്ത് അംഗത്തിന്റേയോ സത്യവാങ്മൂലം, ഫോൺ നമ്പർ എന്നിവയുൾപ്പെടുത്തിയാൽ മാത്രമാണ് അപേക്ഷ സ്വീകരിക്കുക. അപേക്ഷ അംഗീകരിച്ച് മണിക്കൂറുകൾക്കകം റേഷൻകാർഡ് വെബ്സൈറ്റിൽ നിന്ന് ഡൗൺലോഡ് ചെയ്ത് അക്ഷയകേന്ദ്രം മുഖേന ലഭിക്കും. നിലവിൽ റേഷൻ കാർഡില്ലാത്ത കുടുംബങ്ങളുടെ അപേക്ഷകൾ മാത്രമാണ് പരിഗണിച്ചത്. അംഗങ്ങളെ കുറവ് ചെയ്ത് പുതിയ കാർഡുണ്ടാക്കുന്ന അപേക്ഷകൾ സ്വീകരിച്ചിട്ടില്ലെന്ന് ജില്ലാ സപ്ലൈ ഓഫീസർ അയ്യപ്പദാസ് അറിയിച്ചു.

# കുന്നംകുളം സർക്കാർ അന്ധവിദ്യാലയത്തിലേക്ക് പ്രവേശനം തുടങ്ങി

കാഴ്ച പരിമിതിയുള്ള കുട്ടികൾക്കായി കുന്നംകുളം ബോയ്സ് സ്കൂൾ കാമ്പസിനകത്ത് പ്രവർത്തിക്കുന്ന വിദ്യാലയത്തിലേക്ക് ഈ അധ്യയന വർഷത്തെക്കുള്ള പ്രവേശനനടപടികൾ ആരംഭിച്ചു. ഒന്നു മുതൽ ഏഴ് വരെയുള്ള ക്ലാസിലേക്ക് 40 ശതമാനമോ അതിനു മുകളിലോ കാഴ്ച വൈകല്യമുള്ള കുട്ടികൾക്കാണ് പ്രവേശനം. രണ്ടു മുതൽ ഏഴു വരെയുള്ള വിദ്യാർത്ഥികൾക്ക് ടി സിയുടെ അടിസ്ഥാനത്തിലും പ്രവേശനം നൽകുന്നുണ്ട്. താമസം, ഭക്ഷണം, വൈദ്യപരിശോധന, പഠനയാത്ര എന്നിവ സൗജന്യമായിരിക്കും. സാധാരണ വിദ്യാഭ്യാസത്തിനു പുറമേ സംഗീതം, ഉപകരണസംഗീതം, പ്രവൃത്തിപരിചയം, വിവര സാങ്കേതികവിദ്യ എന്നിവയിലും പരിശീലനം നൽകും. കൂടാതെ എട്ട് മുതൽ 10 വരെയുള്ള ക്ലാസ്സുകളിലെ ആൺ കുട്ടികൾക്ക് ഹോസ്റ്റലിൽ നിന്നു കൊണ്ട് അടുത്തുള്ള ഗവൺമെൻറ് ഹൈസ്കൂളിൽ പഠിക്കുന്നതിനുള്ള സൗകര്യവും ലഭിക്കും. കൂടുതൽ വിവരങ്ങൾക്ക് 9497675653, 9495462946 എന്നീ നമ്പറിൽ ബന്ധപ്പെടണമെന്ന് ടീച്ചർ ഇൻ ചാർജ് സി ഓമന അറിയിച്ചു.

# മാറ്റി വച്ചു

ചരക്കുസേവന നികുതി വകുപ്പിന്റെ ഡെപ്യൂട്ടി കമ്മീഷണറുടെ (ഇന്റലിജൻസ്) കാര്യാലയ ത്തിൽ ജൂൺ 16 ന് നടത്താനിരുന്ന താൽക്കാലിക ഡ്രൈവർ തസ്തികയുടെ അഭിമുഖം മാറ്റി വച്ചു. ഫോൺ: 0487 2380695.

# 82 ലക്ഷം തൊഴിൽ ദിനങ്ങൾ അനുവദിച്ച് ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി

2020-21 നടപ്പ് സാമ്പത്തിക വർഷത്തിൽ തൃശ്ശൂർ ജില്ലയിൽ 82 ലക്ഷം തൊഴിൽ ദിനങ്ങൾ അനുവദിച്ചതായി ദേശീയ ഗ്രാമീണ തൊഴിലുറപ്പു പദ്ധതിയുടെ ജില്ലാ കോ-ഓർഡിനേറ്റർ പി. സി ബാലഗോപാൽ അറിയിച്ചു. ലോക്ക് ഡൗണിന് ശേഷം തൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങൾ ഏപ്രിൽ 21ന് പുനരാരംഭിച്ചിരുന്നു. കൊവിഡ് 19 പ്രോട്ടോകോൾ മുൻകരുതലുകൾ പൂർണ്ണമായും പാലിച്ചാണ് ഗ്രാമ, ബ്ലോക്ക്, ജില്ലാ തലങ്ങളിൽ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിൽ വിവിധ തൊഴിലുറപ്പു പദ്ധതികൾ നടക്കുന്നത്.

ഇതേ സാമ്പത്തിക വർഷത്തിൽ ഇതുവരെ 41,570 കുടുംബങ്ങൾക്ക് തൊഴിൽ നൽകിക്കൊണ്ട് ജില്ലയിൽ 4,91,057 അവിദഗ്ധ തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാനും തൊഴിലുറപ്പിന് കഴിഞ്ഞിട്ടുണ്ട്. ഇതിലേക്കായി 13.89 കോടി രൂപ വേതന ഇനത്തിൽ തൊഴിലാളികളുടെ ബാങ്ക് അക്കൗണ്ടിലേക്ക് നേരിട്ട് വിതരണം ചെയ്തു.

കിണർ റീചാർജ്, മഴക്കുഴി നിർമ്മാണം, ഡ്രൈനേജ് നിർമ്മാണം, കുളം നിർമ്മാണം, പൊതുകുളം നവീകരണം, തോട് നവീകരണം തുടങ്ങിയ വിവിധ നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. പരിസ്ഥിതി ദിനത്തിൽ ഗ്രാമീണ തൊഴിലുറപ്പ് ഉദ്യോഗസ്ഥരും തൊഴിലാളികളും ചേർന്ന് 32,956 വൃക്ഷത്തൈകൾ നടുകയും പരിപാലന പ്രവർത്തനങ്ങൾക്ക് തുടക്കം കുറിക്കുകയും ചെയ്തു.

# തീയതി നീട്ടി

വിവിധ കാരണങ്ങളാൽ കയർ ക്ഷേമനിധി വിഹിതം കുടിശ്ശികയായവരിൽ നിന്നും കുടിശ്ശികയും കാലയളവും പരിഗണിക്കാതെ വിഹിതം ഒറ്റ തവണയായി സ്വീകരിക്കുന്നതിനുള്ള സമയ പരിധി ജൂൺ 30 വരെ നീട്ടി. 60 വയസ്സ് പൂർത്തികരിക്കാത്ത തൊഴിലാളികൾ ഈ അവസരം പ്രയോജനപ്പെടുത്തിയാൽ മറ്റ് പെൻഷനുകൾ ഇല്ലെങ്കിൽ കുടിശ്ശിക തീർക്കുന്ന മുറയ്ക്ക് ലോക്ക് ഡൗൺ ധനസഹായമായി 1000 രൂപ ലഭിക്കുന്നതാണെന്ന് റീജിയണൽ ഓഫീസർ അറിയിച്ചു. ഫോൺ : 0484 2441945.

# റാങ്ക്പട്ടിക റദ്ദായി

തൃശൂർ ജില്ലയിൽ ആരോഗ്യവകുപ്പിൽ നിന്നും ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ ഗ്രേഡ് രണ്ട് (കാറ്റഗറി നമ്പർ 665/2012) തസ്തികയിലേക്ക് 2017 ഫെബ്രുവരി ഏഴിന് പ്രാബല്യത്തിൽ വന്ന റാങ്കപട്ടിക 2020 ഫെബ്രുവരി ഏഴിന് റദ്ദായതായി പിഎസ്സി ജില്ലാ ഓഫീസർ അറിയിച്ചു.

# മുഴുവൻ കുട്ടികൾക്കും ടി വി ലഭ്യമാക്കി പെരിഞ്ഞനം

ഓൺലൈൻ പഠനത്തിനായി ടി വി ഇല്ലാത്ത മുഴുവൻ കുട്ടികൾക്കും ടി വി ലഭ്യമാക്കി പെരിഞ്ഞനം ഗ്രാമപഞ്ചായത്ത്. ടെലിവിഷൻ ഇല്ലാത്ത 67 കുട്ടികൾക്കാണ് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ടി വി നൽകിയത്. നാട്ടിക ഫർക്ക റൂറൽ ബാങ്ക്, പെരിഞ്ഞനം ബാലസംഘം, സന്നദ്ധ സംഘടന എന്നിവർ സംയുക്തമായി 42 ടെലിവിഷനുകൾ വാങ്ങി പഞ്ചായത്തിന് നൽകിയിരുന്നു. 23 സ്വകാര്യ വ്യക്തികൾ ചേർന്ന് 25 എണ്ണവും വാങ്ങി നൽകി. കൂടാതെ പഞ്ചായത്തിലെ 15 വാർഡുകളിലും ഓൺലൈൻ പഠനകേന്ദ്രവും സജ്ജമാക്കിയിട്ടുണ്ട്.

ഒന്നര ലക്ഷം രൂപയാണ് പഠനകേന്ദ്രം ഒരുക്കുന്ന പദ്ധതിയ്ക്കായി പഞ്ചായത്ത് വകയിരുത്തിയിരിയത്. ഓരോ വാർഡുകളിലും സർവ്വേ നടത്തിയാണ് കുട്ടികളെ കണ്ടെത്തിയത്. വാർഡ് 1- പകൽവീട്, വാർഡ് 2- തണൽ കേന്ദ്രം, വാർഡ് 3- അങ്കണവാടി, വാർഡ് 4- കമ്മ്യൂണിറ്റി ഹാൾ, വാർഡ് 5 -സക്കീയ അങ്കണവാടി, വാർഡ് 6- തണൽ കേന്ദ്രം, വാർഡ് 7- അങ്കണവാടി, വാർഡ് 8- സൗദാമിനിയുടെ വീട്, വാർഡ് 9- നന്മ ക്ലബ്, വാർഡ് 10- അങ്കണവാടി, വാർഡ് 11-

ഗ്രന്ഥപ്പുര, വാർഡ് 12- പകൽവീട്, വാർഡ് 13- ദീപ്തി അങ്കണവാടി, വാർഡ് 14- വിശ്വ പ്രകാശ്, വാർഡ് 15- പ്രതീക്ഷ ഗ്രന്ഥശാല എന്നിവിടങ്ങളിലാണ് പഠനകേന്ദ്രം ഒരുക്കിയിരിക്കുന്നത്.

**തുടരും**